ഉത്തരം

(എ) ഉണ്ട്

(ബി) കേരള ചിട്ടി ആക്ട് സെക്ഷൻ 5(1) പ്രകാരം 100/- രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ചിട്ടികൾക്ക് പെർമിറ്റ് നൽകി നടത്തിവരുന്നുണ്ട്.

41 (1490) റീ - ഓപ്ഷൻ നൽകാൻ അവസരം

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണമനുസരിച്ച് നൽകിയ ഓപ്ഷൻ പിൻവലിച്ച് റീ-ഓപ്ഷൻ നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ റീ-ഓപ്ഷൻ അവസരം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ശമ്പളപരിഷ്കരണം സംബന്ധിച്ച് വിശദീകരണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് മുമ്പായി ശമ്പളം നിർണ്ണയിച്ചുപോയവർക്ക് റീ-ഓപ്ഷൻ അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇക്കാര്യം പരിഗണനയിലില്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

42 (1491) മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മഹിളാപ്രധാൻ ഏജന്റുമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ അധിക സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഏജന്റുമാരുടെ പെൻഷൻ ക്ഷേമനിധി പദ്ധതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഡി) മഹിളാപ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി ഏതു ഘട്ടത്തിലാണ്;

(ഇ) എന്ന് പദ്ധതി പ്രാബല്യത്തിൽ വരുമെന്ന് വെളിവാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അധിക സഹായങ്ങൾ ഒന്നും നൽകിയിട്ടില്ല. എന്നാൽ കുടിശ്ശികയായിരുന്ന ആനുകൂല്യങ്ങൾ മുഴുവൻ നൽകുകയുണ്ടായി.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) ഈ പദ്ധതിയുടെ വിശദാംശങ്ങളെ കുറിച്ച് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(ഡി) മഹിളാപ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി ഉടൻ പ്രാവർത്തികമാക്കാൻ വേണ്ടി ഒരു സ്പെഷ്യൽ ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് അദ്ദേഹത്തെ ചുമതലകളേൽപ്പിച്ചിരിക്കുകയാണ്.

(ഇ) മഹിളാപ്രധാൻ ഏജന്റുമാരുടെ പെൻഷൻ നടപ്പാക്കാനുള്ള സംവിധാനത്തെപ്പറ്റി പഠിച്ചു സ്പെഷ്യൽ ഓഫീസർ (പെൻഷൻ പദ്ധതി) റിപ്പോർട്ട് നൽകിയാലുടൻ സർക്കാർ ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

43 (1492) സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ

ശ്രീ. പാലോട് രവി :
ശ്രീ. എ.കെ. മണി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥാവര ജംഗമ വസ്തുക്കളുടെ കൈമാറ്റ രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിച്ച് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവനുവദിച്ച സംഭവം ഈ വർഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ഒഴിവാക്കണമെന്ന് സ്റ്റാമ്പ് ഡ്യൂട്ടി കളക്ഷൻ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുണ്ടോ;

(ഡി) സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ വരുമാനം കുറഞ്ഞുവരികയാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉത്തരം

(എ) 1959-ലെ കേരള മുദ്രപത്രനിയമം സെക്ഷൻ 9(1) (എ) പ്രകാരം പൊതുതാല്പര്യാർത്ഥം ആവശ്യമെന്നുകണ്ടാൽ ഏതൊരു കാരണത്തെയും മുദ്രസലയിൽ നിന്നും ഒഴിവാക്കാൻ ഗവൺമെന്റിൽ അധികാരം നിക്ഷിപ്തമാണ്.

(ബി) ഇല്ല

(സി) ഭൂമിയുടെ ന്യായവില നിർണ്ണയം നടത്തുന്നതിനെപ്പറ്റി ശാസ്ത്രീയപഠനം നടത്താൻ നിയോഗിച്ച വിദഗ്ദ്ധസമിതി സമർപ്പിച്ച റിപ്പോർട്ടിൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റികൾ ഉൾപ്പെടെ എല്ലാ ഏജൻസി

LIBRARY ARCHIVES Kerala Legislative Assembly